**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1499** **07-10-2021 - ൽ മറുപടിയ്ക്ക്**

**അധികഭൂമി കൈവശം വെക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പല ജില്ലകളിലും വ്യക്തികൾ ഭൂപരിധി ലംഘിച്ച് ഭൂമി വാങ്ങിക്കൂട്ടിയതായി എ. ജി. റിപ്പോർട്ട് ചെയ്യുകയുണ്ടായോ; | (എ) | റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം ജില്ലകളിൽ എത്ര പേർ എത്ര ഭൂമി വീതമാണ് വാങ്ങിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (ബി) | കോട്ടയം, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ അഞ്ച് ജില്ലകളിലായി 212 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ 28 കേസുകളിൽ ബന്ധപ്പെട്ട താലൂക്ക് ലാൻഡ് ബോർഡുകളിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 74 കേസുകളിൽ അന്വേഷണം നടന്നുവരുന്നുണ്ട്. മറ്റുള്ള കേസുകളിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ? | (സി) | 1963-ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം പരിധിയിൽ കവിഞ്ഞ അളവിൽ കൈവശം വച്ചിരിക്കുന്ന ഭൂമി കണ്ടെത്തി താലൂക്ക് ലാൻഡ് ബോർഡുകൾ സ്വമേധയാ കേസെടുത്ത് വരുന്നുണ്ട്. കൂടാതെ റവന്യൂ ഉദ്യോഗസ്ഥർ ഇത്തരം കേസുകൾ താലൂക്ക് ലാൻഡ് ബോർഡിലേക്ക് റിപ്പോർട്ട് ചെയ്യുന്നുമുണ്ട്. എ.ജി യുടെ റിപ്പോർട്ട് പ്രകാരമുള്ള വ്യക്തികളുടെ വിവരങ്ങൾ അതാത് താലൂക്ക് ലാൻഡ് ബോർഡുകൾക്ക് കൈമാറിയിട്ടുണ്ട്. തണ്ടപ്പേരിലും രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിലും ഒരു വ്യക്തിയുടെ മൊത്തം ഭൂമിയുടെ വിവരങ്ങളാണുള്ളത്. ആ വിവരങ്ങളാണ് എ.ജി റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എന്നാൽ നിയമം അനുശാസിക്കുന്ന ഒഴിവുകൾ നൽകിയതിനുശേഷവും ഓരോ വ്യക്തിയുടെയും കുടുംബസ്ഥിതി അനുസരിച്ചുള്ള പരിധി ഓരോ കേസിലും നിശ്ചയിച്ച് മാത്രമേ ഇവർക്ക് പരിധിയിൽ കൂടുതൽ ഭൂമിയുണ്ടോയെന്ന് നിലവിൽ നിശ്ചയിക്കാൻ കഴിയുകയുള്ളൂ. (UTS) യൂണിക് തണ്ടപ്പേർ സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തണ്ടപ്പേരിൽ ആധാറുമായി ലിങ്ക് ചെയ്യുന്നതിനുള്ള നടപടിക്ക് കേന്ദ്ര ഇലക്ട്രോണിക്സ് വിവര സാങ്കേതിക മന്ത്രാലയം |

| | | | |
|---|---|---|---|
| | | | അനുമതി നൽകിയിട്ടുണ്ട്. ഇതു നടപ്പിലാകുന്നതോടെ ഒരാൾക്ക് കേരളത്തിൽ എവിടെ ഭൂമിയുണ്ടായാലും ഒറ്റ തണ്ടപ്പേർ ആയിരിക്കും അതോടെ ഭൂപരിഷ്കരണ നിയമത്തിൽ പ്രതിപാദിക്കുന്നതിൽ കവിഞ്ഞ ഭൂമി സ്വന്തമാക്കാൻ ആർക്കും കഴിയാത്ത സാഹചര്യമുണ്ടാക്കാനാകും. |

സെക്ഷൻ ഓഫീസർ